# പൊതുവിദ്യാഭ്യാസവകുപ്പ്
## കേരള സർക്കാർ




ബി ആർ സി വേങ്ങര
മലപ്പുറം ജില്ല

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-2026

തയ്യാറാക്കിയത് -

എസ് ആർ ജി, എ യു പി എസ് തേഞ്ഞിപ്പലം

# ഉള്ളടക്കം

- ആമുഖം
- ചരിത്ര വഴികളിലൂടെ
- വിദ്യാലയ വിവരങ്ങൾ
- വിദ്യാർത്ഥി വിവരങ്ങൾ
- പ്രവർത്തന വിശദാംശങ്ങൾ

# വിദ്യാലയ വിവരങ്ങൾ

| എ.യു.പി.എസ് തേഞ്ഞിപ്പലം | |
|---|---|



എ .യു. പി. സ്കൂൾ തേഞ്ഞിപ്പലം

| വിലാസം | |
|---|---|
| തേഞ്ഞിപ്പലം<br>തേഞ്ഞിപ്പലം പി.ഒ., 673636, മലപ്പുറം ജില്ല | |
| സ്ഥാപിതം | 01 - 06 - 1921 |
| **വിവരങ്ങൾ** | |
| ഫോൺ | 0494 2405340 |
| ഇമെയിൽ | aupsthenhipalammlp@gmail.com |
| വെബ്സൈറ്റ് | www.auosthenhipalm.com |
| **കോഡുകൾ** | |
| സ്കൂൾ കോഡ് | 19873 (സമേതം) |
| യുഡൈസ് കോഡ് | 32051300817 |
| **വിദ്യാഭ്യാസ ഭരണസംവിധാനം** | |
| റവന്യൂ ജില്ല | മലപ്പുറം |
| വിദ്യാഭ്യാസ ജില്ല | തിരൂരങ്ങാടി |
| ഉപജില്ല | വേങ്ങര |
| **സ്കൂൾ ഭരണ വിഭാഗം** | |
| സ്കൂൾ ഭരണ വിഭാഗം | എയ്ഡഡ് |
| സ്കൂൾ വിഭാഗം | പൊതുവിദ്യാലയം |
| പഠന വിഭാഗങ്ങൾ | എൽ.പി<br>യു.പി |
| സ്കൂൾ തലം | 1 മുതൽ 7 വരെ |
| മാദ്ധ്യമം | മലയാളം, ഇംഗ്ലീഷ് |

| സ്കൂൾ നേതൃത്വം | |
|---|---|
| പ്രധാന അദ്ധ്യാപകൻ | വി കെ ശശിഭൂഷൺ |
| പി.ടി.എ. പ്രസിഡണ്ട് | സിജു പി വി |

# വിദ്യാർത്ഥി വിവരങ്ങൾ
# 2025-2026

| STD | DIVS | TOTAL | | |
|---|---|---|---|---|
| | | B | G | TOTAL |
| 1 | 3 | 54 | 48 | 102 |
| 2 | 3 | 45 | 52 | 97 |
| 3 | 3 | 46 | 59 | 105 |
| 4 | 3 | 47 | 44 | 91 |
| 5 | 3 | 76 | 67 | 143 |
| 6 | 5 | 100 | 70 | 170 |
| 7 | 3 | 69 | 58 | 127 |
| Total | | 437 | 398 | 835 |

# ആമുഖം

അക്കാദമിക രംഗത്ത് വളരെ ശ്രദ്ധേയമായ മുന്നേറ്റങ്ങൾ നടത്തിയ പാരമ്പര്യമുള്ള ഒരു വിദ്യാലയമാണ് തേഞ്ഞിപ്പലം എ. യു.പി സ്കൂൾ. ഭൗതികപരമായ പരിമിതികൾ ഉണ്ടായിരുന്നപ്പോഴും ഈ ഒരു നേട്ടമാണ് സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെറെ ഹരിത വിദ്യാലയം റിയാലിറ്റി ഷോയിൽ രണ്ടുതവണ പങ്കെടുക്കാൻ യോഗ്യമാക്കിയത്. നീണ്ട 104 വർഷങ്ങളുടെ കഥകൾ പറയാൻ വെമ്പി നിൽക്കുന്ന ഇവിടുത്തെ മണൽ തരികൾ ചവിട്ടിപോന്ന പൂർവ്വവിദ്യാർത്ഥി സമ്പത്ത് എന്നും ഈ വിദ്യാലയത്തിന് ഒരു മുതൽ കൂട്ടാണ്. ഇന്നിപ്പോൾ ഹരിതവും സുന്ദരവും സന്തുഷ്ടവുമായ ഒരു പഠനാന്തരീക്ഷം ഒരുക്കി നാടിന് മാതൃക യായി നിലകൊള്ളുന്ന ഈ വിദ്യാലയം ഈ വർഷം മുന്നോട്ടുവെക്കുന്ന അക്കാദമിക മുന്നേറ്റത്തിലേക്ക് ഒരു എത്തിനോട്ടം.

## *തേഞ്ഞിപ്പലം എ.യു.പി സ്കൂൾ ചരിത്ര വഴികളിലൂടെ.........*

1921 **ൽ ഇ. പി ഗോവിന്ദനുണ്ണിനായർ എന്ന മാന്യവ്യക്തി തുടക്കമിട്ട ഈ സരസ്വതി ക്ഷേത്രം ഇപ്പോൾ** 104 **സംവത്സരങ്ങൾ പിന്നിടുന്നു. ആ മാന്യ വ്യക്തിയുടെ ഓർമ്മകൾക്ക് മുന്നിൽ ശിരസ്സ് നമിക്കുന്നതോടൊപ്പം ഒരു കാലത്ത് അക്ഷ രാഭ്യാസം കൈപിടിയിൽ ഒതുങ്ങാത്ത ഒരു ജനതയ്ക്ക് മുന്നിൽ വിജ്ഞാന ത്തിന്റെ ദീപപ്രഭയുമായി എത്തിയ മാന്യ വ്യക്തികളുടെ മഹനീയ സേവനത്തെ നന്ദിപൂർവ്വം സ്മരിക്കുന്നു.**

1921 **ൽ ഒരു എഴുത്ത് പള്ളിക്കൂടം എന്ന നിലയിലായിരുന്നു ഈ സ്ഥാപന ത്തിന്റെ തുടക്കം. ആദ്യകാലത്ത് 'ഡ്യൂക്ക് ഓഫ് കൊണാർട്ട്' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. പിന്നീട് തേഞ്ഞിപ്പലം എലമെന്ററി സ്കൂൾ ആവുകയും** 5-ാം **ക്ലാസ്സ് വരെ വിദ്യാഭ്യാസം നടത്താൻ സൗകര്യം ഉണ്ടാവുകയും ചെയ്തു. പിന്നീട്** 1949 **ൽ സ്കൂളിൽ** 8-ാം **ക്ലാസ്സ് വരെ പഠിക്കാനുള്ള സൗകര്യം ഉണ്ടാവുകയും തേഞ്ഞിപ്പലം ഹയർ എലമെന്ററി സ്കൂൾ എന്ന പേര് സ്വീകരിക്കുകയും ചെയ്തു.**

1959 **മുതൽ സ്കൂൾ മാനേജരായിരുന്ന ദിവംഗതനായ എ. രാവുണ്ണികുട്ടി നായർ തന്നെ** ***സ്കൂൾ*** **ഹെഡ്മാസ്റ്ററായി ചാർജെടുക്കുകയും** 1982 **ൽ സർവ്വീസിൽ നിന്ന് വിരമിക്കുന്നതുവരെ അദ്ദേഹം ആ സ്ഥാനം അലങ്കരിക്കുകയും ചെയ്തു.**

സർവ്വശ്രീ ഇ. പി ഗോവിന്ദനുണ്ണി നായർ, എ. ഒ. ഉണ്ണികൃഷ്ണൻ നായർ, ടി. പി മാധവമേനോൻ എന്നിവർ 1959 ന് മുൻപും സർവ്വശ്രീ എ. രാവുണ്ണികുട്ടി നായർ, കെ. നാരായണൻ നായർ, എ. രാഘവൻ നായർ, എ. രാമചന്ദ്രൻ നായർ എന്നിവർ 1991 ന് മുൻപും പി. പ്രഭാവതി, പി. മുരളീധരൻ, പി. ഭാരതി, കെ. എൻ. പുഷ്പഗീത, സി. വത്സല, സി. സുനിൽ കുമാർ എന്നിവർ അതിനുശേഷവും ഹെഡ്മാസ്റ്റർമാരായി സ്തുത്യർഹമായ സേവനം നടത്തി സർവ്വീസിൽ നിന്ന് വിര മിച്ചു.

പി. പത്മനാഭൻ നായർ, ഇ. ഗൗരിയമ്മ, ടി. എം. അമ്മുക്കുട്ടി അമ്മ, കെ.ദേവകി അമ്മ, കെ. എൻ. വാസുമാസ്റ്റർ, കെ. പി. ഇമ്പിച്ചി മാസ്റ്റർ, കെ. എം. കുട്ടികൃഷ്ണൻ മാസ്റ്റർ, ടി. കുട്ടികൃഷ്ണൻ നായർ, എ. ബാലകൃഷ്ണൻ നായർ, എം. എസ്. രാവുണ്ണികുട്ടി നായർ, കെ. കെ. ഇന്ദിര, പി. കെ. രാജമ്മ, എ. മധുരമീ നാക്ഷി, കുമാരി എസ്. ഇന്ദിര, കെ. ഹരിദാസൻ, എ. □□□□□, കെ. എം. രാവു ണ്ണികുട്ടി, എം. വിചിത്രൻ, എ. ഉഷ, എം. ജയപ്രകാശ്, പി. അബ്ദുൾറസാഖ്, പി. ജയശ്രീ, പി ലതിക എന്നിവർ സഹ അധ്യാപകരായും ശ്രീ. കെ. എം. മാധവൻ നായർ പ്യൂണായും വിരമിച്ചു.

ഇവരുടെ മഹനീയ സേവനം നന്ദിപൂർവ്വം സ്മരിക്കുന്നതോടൊപ്പം വളരെ കുറഞ്ഞകാലം ഇവിടെ സേവനം നടത്തുകയും മാറിപോവുകയും ചെയ്ത എല്ലാ അധ്യാപകരുടെയും സേവനത്തെ കൃതജ്ഞതയോടെ ഓർക്കുന്നു. പഴയകാലത്ത് വളരെ ദുർഘടകരമായ ഇടവഴികളാണ് കുട്ടികൾക്ക് എത്തിച്ചേരാൻ ഉണ്ടായിരുന്നത്. മഴക്കാലത്ത് വെള്ളം കുത്തിയൊഴുകുന്ന ഇടവഴി കൾ കുട്ടികൾക്ക് പേടിസ്വപ്നമായിരുന്നു..

എന്നാൽ ഇത്തരം വിഷമങ്ങളെല്ലാം മാറി സ്വന്തമായി വാഹനങ്ങൾ, മികച്ച നിലവാരമുള്ള കെട്ടിടങ്ങൾ, അത്യാധുനിക സൗകര്യമുള്ള കമ്പ്യൂട്ടർ, ശാസ്ത്ര ലാബുകൾ, മികച്ച കളിസ്ഥലം, ശാസ്ത്രോദ്യാനം അങ്ങനെ നീളുന്നു ഈ പട്ടിക.

# പ്രവർത്തന വിശദാംശങ്ങൾ

# നേട്ടങ്ങളുടെ നേർവഴികളിലൂടെ............

**<u>സംസ്ഥാന ശാസ്ത്രമേളയിലെ വിജയം</u>**

**സംസ്ഥാന ശാസ്ത്രമേളയിൽ വർക്കിംഗ് മോഡൽ - 'പൂഴിയന്ത്രം' ഒന്നാം സ്ഥാനത്തിന് അർഹമായി.**

**<u>സ്റ്റഡി ബെൽ</u>**

**കുട്ടികളുടെ പഠനകാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കാനായി** 10 **മണിക്ക് സ്റ്റഡിബെൽ സമ്പ്രദായം കൊണ്ടുവന്നു.**

**<u>ഹരിതവിദ്യാലയം റിയാലിറ്റിഷോ സീസൺ -1</u>**

**വിക്ടേഴ്സ് ചാനലിൽ വിദ്യാലയങ്ങൾക്കുവേണ്ടി നടത്തിയ 'ഹരിത വിദ്യാലയം'** [illegible] 10 **സ്ഥാനങ്ങളിൽ ഇടം നേടാൻ സാധിച്ചു.**

**<u>ശാസ്ത്രോത്സവം</u>**

**വ്യത്യസ്ത സ്റ്റാളുകൾ ഒരുക്കിക്കൊണ്ട് വിപുലമായ ശാസ്ത്രപ്രദർശനം നടത്തി. പി. ടി. എ, നാട്ടുകാർ, പൂർവ്വവിദ്യാർത്ഥികൾ എന്നിവരുടെ സഹകരണം.**

**<u>ശാസ്ത്ര ഉദ്യാനം</u>**

**ശാസ്ത്രോത്സവ നടത്തിപ്പിന്റെ ഭാഗമായി മിച്ചം വന്ന തുക കൊണ്ട് ഒരു ക്കിയ ശാസ്ത്ര ഉദ്യാനം - കളിയിലൂടെ ശാസ്ത്രം പഠിക്കാനാവശ്യമായ വിവിധ സാമഗ്രികൾ പാർക്കിൽ ഒരുക്കി.**

**<u>പലതുള്ളി പുരസ്കാരം</u>**

**മികച്ച ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് മലയാളമനോരമ ഏർപ്പെടുത്തിയ പലതുള്ളി പുരസ്കാരം - സംസ്ഥാനത്ത് ഒന്നാം സ്ഥാനം ലഭിച്ചു.**

**ജൈവോത്സവം**

നാട്ടിലെ കാർഷിക വിളകൾ, കാർഷിക ഉപകരണങ്ങൾ, കുടിൽ വ്യവസാ യങ്ങൾ എന്നിവ പരിചയപ്പെടുത്താനും പാരിസ്ഥിതിക അവബോധം വളർത്താനും വേണ്ടി നടത്തിയ ദ്വിദിന പ്രദർശനം.

**ഔഷധോദ്യാനം**

കുട്ടികൾക്ക് ഔഷധസസ്യങ്ങളെ പരിചയപ്പെടാനും അവയെ പറ്റി കൂടു തൽ അറിയാനുമായി ഔഷധോദ്യാനം ഉണ്ടാക്കി.

**കുട്ടികളുടെ റേഡിയോ സ്റ്റേഷൻ**

സംസ്ഥാനത്ത് ആദ്യമായി കുട്ടികളുടെ പരിപാടികൾ സംപ്രേഷണം ചെയ്യാനായി കുട്ടികളുടെ റേഡിയോ സ്റ്റേഷൻ ആരംഭിച്ചു.

**പാവനാടക സംഘം**

സംസ്ഥാനത്ത് ആദ്യമായി കുട്ടികളുടെ പാവനാടകസംഘം ഉണ്ടായി. ലഹരി, പ്ലാസ്റ്റിക് എന്നിങ്ങനെ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് ബോധ വൽക്കരണം വിവിധ വിദ്യാലയങ്ങളിലും കവലകളിലും നടത്തി.

**അരുവി**

കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി കുട്ടികളുടെ പത്രങ്ങൾ ഇറക്കി.

**തേനരുവി**

കുട്ടികൾ രചിച്ച് കുട്ടികൾ തന്നെ പാടിയ പരിസ്ഥിതി ഗാനങ്ങളുടെ സിഡി.

**ജയ് ഭാരതം**

കുട്ടികൾ തയ്യാറാക്കിയ ദേശസ്നേഹം വളർത്തുന്ന രചനകൾ ഉൾപ്പെടുത്തിയ സി. ഡി.

**<u>യുദ്ധം</u>**

**കുട്ടികൾ സ്വന്തമായി എഴുതി തയ്യാറാക്കിയ കവിതകളുടെ സമാഹാരം.**

**<u>നാട്ടകം</u>**

**നാടൻ കലകളുടെ സി. ഡി. പുസ്തകം**

**<u>നന്മയുടെ പൂക്കൾ</u>**

**കുട്ടികളുടെ സിനിമ**

**<u>സംസ്ഥാന അധ്യാപക അവാർഡ്</u>**

**മികച്ച അധ്യാപകനുള്ള സംസ്ഥാന അധ്യാപക അവാർഡ് ഈ സ്കൂളിലെ അധ്യാപകനായ ശ്രീ. എ. രാഘവൻ മാസ്റ്റർക്ക് ലഭിച്ചു.**

**<u>ദേശീയ അവാർഡ്</u>**

**മികച്ച അധ്യാപകനുള്ള ദേശീയ അവാർഡ്** 2013 **വർഷത്തിൽ ഈ വിദ്യാ ലയത്തിലെ ശ്രീ. വി. കെ. ശശിഭൂഷൺ മാസ്റ്റർക്ക് ലഭിച്ചു.**

**<u>നാടൻ പാട്ട് സംഘം</u>**

**പാവനാടകസംഘത്തോടൊപ്പം ഒരു നാടൻപാട്ട് സംഘവും രൂപീകരിച്ചു. പല സ്ഥലങ്ങളിലും പരിപാടികൾ അവതരിപ്പിച്ചു.**

**<u>കോർണർ പി. ടി. എ</u>**

**പല ഭാഗങ്ങളിൽ നിന്നു വരുന്ന കുട്ടികളെ മൂലകളായി തിരിച്ച് ഓരോ സ്ഥലത്തും കോർണർ പി. ടി. എ സംഘടിപ്പിച്ചു. കുട്ടികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്തതോടൊപ്പം വിവിധ പരിപാടികൾ അവതരിപ്പിച്ചു.**

## സകൗട്ട് & ഗൈഡ്സ്

അച്ചടക്കം, സേവന സന്നദ്ധത, ദയ, സ്നേഹം തുടങ്ങിയ ഗുണങ്ങൾ കുട്ടികളിൽ വളർത്തിയെടുക്കാനായി സ്കൂളിൽ സ്കൗട്ട് യൂണിറ്റിന് തുടക്കം കുറി

## കുട്ടിക്ലബ്ബ്

വിവിധ വിഷയങ്ങളിൽ ക്ലബ്ബുകൾ രൂപീകരിച്ചു. അവയുടെ നേതൃത്വത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

## പട്ടാളക്കാർക്ക് ആദരം

രാജ്യത്തിനുവേണ്ടി പോരാടിയ ധീരജവാൻമാരെ (റിപ്പബ്ലിക് ദിനത്തിൽ) ആദരിച്ചു. അവരുമായി അനുഭവങ്ങൾ പങ്കുവെച്ചു.

## എൽ. എസ്. എസ്/യു. എസ്. എസ്

എൽ. എസ്. എസ്/യു. എസ്. എസ് പരീക്ഷകൾക്കുവേണ്ടി പരിശീലന ക്ലാസ്സുകൾ ആരംഭിച്ചു.

## സംസ്കൃതം സ്കോളർഷിപ്പ്

സംസ്കൃതം സ്കോളർഷിപ്പിനുവേണ്ടിയും പരിശീലന ക്ലാസ്സുകൾ ആരം ഭിച്ചു.

## ഒരു തവിയും കുഞ്ഞുകരുതലും

ജലസംരക്ഷണത്തിന്റെ ഭാഗമായി കുട്ടികളിൽ ജലത്തെക്കുറിച്ച് അവ ബോധം സൃഷ്ടിക്കാൻ ഒരു തവി കുഞ്ഞു കരുതൽ സമ്പ്രദായം ആവിഷ്കരിച്ചു

## പ്രകൃതിക്കട

പ്രകൃതി വിഭവങ്ങളുടെ പ്രദർശനം, വിൽപന പ്രകൃതിയിലെ സാധന ങ്ങൾ ഉപയോഗിച്ച് കുട്ടികൾ തയ്യാറാക്കിയ ഉല്പന്നങ്ങൾ പ്രദർശനം - വിൽപന.

## സ്വന്തമായി പാത്രം

കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കാനുള്ള പാത്രങ്ങൾ സ്കൂളിൽ നിന്നു തന്നെ വാങ്ങി.

## കിളികൾക്ക് വെള്ളം

കിളികൾക്ക് ദാഹജലത്തിനായി മരക്കൊമ്പുകളിൽ വെള്ളം നിറച്ച പാത്രങ്ങൾ കെട്ടിവെച്ചു.

## ദിനാചരണങ്ങൾ

ഓരോ ദിനത്തിന്റെയും പ്രാധാന്യമനുസരിച്ചുള്ള പരിപാടികൾ അതാതു ദിനങ്ങളിൽ നടത്തി.

## കാഴ്ച

സ്കൂളിലെ വൈവിധ്യമാർന്ന പരിപാടികളും കുട്ടികളുടെ രചനകളും ഉൾപ്പെടുത്തിയ പത്രം.

## കൈയെഴുത്തുമാസിക

കുട്ടികൾക്കും രക്ഷിതാക്കൾക്കും അവരുടെ സർഗാത്മക രചനകൾ പ്രകാ ശിപ്പിക്കാൻ ഓരോ ക്ലാസിനും, രക്ഷിതാക്കൾക്കും കൈയെഴുത്തു മാസിക.

## കലാകായിക മത്സരങ്ങൾ

കുട്ടികളുടെ കലാകായിക കഴിവുകൾ പ്രോത്സാഹിപ്പിക്കാൻ കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

## ഇക്കോ-ഫ്രണ്ട്ലി കാംമ്പസ്

വിദ്യാലയത്തെ ഹരിതാഭമാക്കി

## അങ്കണവാടി കലോത്സവം

കൊച്ചുകൂട്ടുകാരെ പ്രോത്സാസിപ്പിക്കാൻ അങ്കണവാടി കലോത്സവങ്ങൾ സംഘടിപ്പിച്ചു.

**<u>എന്റെ വീട് സുന്ദരവീട്</u>**

**വൃത്തിയുള്ള വീടുപരിസരവും കൃഷി എന്നിവയെ ആസ്പദമാക്കി വീടു കൾക്ക് വേണ്ടി നടത്തിയ മത്സരം.**

**<u>വയോജനങ്ങളെ ആദരിക്കൽ</u>**

**വയോജന ദിനത്തിന്റെ ഭാഗമായി വയോജനങ്ങളെ സ്കൂളിൽ വെച്ച് ആദ രിച്ചു. കൊറോണക്കാലത്ത് വീടുകളിൽ പോയി ആദരിച്ചു.**

**<u>കൽക്കണ്ടം</u>**

**ഒന്നാം ക്ലാസ്സിലെ പഠനം മധുരതരമാക്കാൻ വേണ്ടി നടത്തിയ പ്രവർത്തനം.**

**<u>സ്മാർട്ട് ഫോൺ</u>**

**കൊറോണക്കാലത്ത് ഫോൺ ഇല്ലാത്ത കുട്ടികൾക്കെല്ലാം ഫോൺ വിതരണം ചെയ്തു. സബ്ജില്ലയിൽ ഏറ്റവും കൂടുതൽ ഫോണുകൾ വിതരണം ചെയ്ത സ്കൂൾ.**

**<u>തെരുവ് നാടകം</u>**

**ലഹരിവിരുദ്ധ ബോധവൽക്കരണത്തിനായി തെരുവ് നാടകങ്ങൾ അവതരിപ്പിച്ചു.**

**<u>ശതാബ്ദി മന്ദിരം</u>**

**കുട്ടികളുടെയും രക്ഷിതാക്കളുടെയും ചിരകാലാഭിലാഷമായ ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടം - ശതാബ്ദി മന്ദിരം** 2021 **ഡിസംബറിൽ ഉദ്ഘാടനം ചെയ്തു.**

**<u>പഠനവീട്</u>**

**ബി ആർ സിയുടെ ആഭിമുഖ്യത്തിൽ നടന്ന പ്രവർത്തനം.**

## തെളിമ

ഓൺലൈൻ കാലത്ത് കുട്ടികൾ അവതരിപ്പിച്ച വൈവിധ്യമാർന്ന പരിപാ ടികൾ ഉൾപ്പെടുത്തി സി. ഡി.

## പ്രതിഭകളെ ആദരിക്കൽ

എൽ. എസ്. എസ്., യു. എസ്. എസ്., എസ്. എസ്. എൽ. സി., പ്ലസ്ട എന്നിവയിൽ മികച്ച നേട്ടം കൈവരിച്ചവരെ ഓരോ വർഷവും ആദരിക്കുന്നു.

## നാടറിയാം നാടിനെ അറിയാം

പ്രദേശത്തെ പ്രായമായവരെ സന്ദർശിച്ച് നാടിനെക്കുറിച്ച് പ്രാദേശിക ചരിത്രരചന.

## ഹോണസ്റ്റി ഷോപ്പ്

കച്ചവനടത്തിന്റെ ബാലപാഠങ്ങൾ പഠിക്കാനും 'സത്യസന്ധത' എന്ന നല്ല മൂല്യം വളർത്തിയെടുക്കാനുമായി എല്ലാ ദിവസവും ഉച്ചയ്ക്ക് നടത്തിവന്ന പരിപാടി.

## വായനയുടെ ഉദ്യാനം

കുട്ടികളിൽ വായനാശീലം വളർത്തിയെടുക്കാൻ മരച്ചുവടുകളിൽ പുസ്തകങ്ങൾ ഒരുക്കി, കുട്ടികൾ ഉത്സാഹത്തോടെ പുസ്തകങ്ങൾ വായിച്ചു വരുന്നു.

വീട്ടിൽ ഒരു ലൈബ്രറി

ഓരോ കുട്ടിയുടെ വീട്ടിൽ ലൈബ്രറി ഒരുക്കാനുള്ള പ്രവർത്തനം. ഇതിലൂടെ കുട്ടികളെയും രക്ഷിതാക്കളെയും നല്ല വായനക്കാരാക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ ഉദ്ദേശിക്കുന്നു.

ബ്രേക്ക് ദി ബാരിയേഴ്സ്

ഇംഗ്ലീഷ് പഠനം ലളിതമാക്കാൻ വേണ്ടി വിദ്യാലയത്തിൽ നടത്തിയ പരിപാടി. വിവിധ ക്ലാസ്സുകൾ ഇതുമായി ബന്ധപ്പെട്ട് നടത്തി.

**<u>ദേശസ്നേഹയാത്ര</u>**

**റിപ്പബ്ലിക് ദിനത്തിൽ സ്കൂൾ സ്കൗട്ട് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ദേശ സ്നേഹയാത്ര നടത്തി. കുട്ടികളിലും ആളുകളിലും ദേശസ്നേഹം വളർത്തിയെടുക്കാൻ ആണ് ഈ പരിപാടികൊണ്ട് ഉദ്ദേശിച്ചത്.**

**<u>നല്ലപാഠം</u>**

**മലയാള മനോരമയുടെ ആഭിമുഖ്യത്തിൽ കുട്ടികൾക്കായി നടത്തുന്ന 'നല്ല പാഠം' പദ്ധതിയുടെ ഭാഗമായി കുട്ടികളിൽ നല്ല ശീലങ്ങൾ വളർത്താനുതകുന്ന ഒട്ടേറെ പരിപാടികൾ നടത്താനും പുരസ്കാരങ്ങൾ നേടാനും സാധിച്ചു.**

**<u>പുലരി</u>**

**കുട്ടികൾക്കാവശ്യമായ നോട്ട്ബുക്കുകൾ കുട്ടികൾ തന്നെ വിദ്യാലയത്തിൽവെച്ച് ഉണ്ടാക്കി.**

**<u>പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം</u>**

**സർക്കാർ വിഭാവനം ചെയ്യുന്നതിനു മുമ്പുതന്നെ നമ്മുടെ വിദ്യാലയം പ്ലാസ്റ്റിക് വിമുക്തമ വിദ്യാലയം എന്ന ലക്ഷ്യം കൈവരിച്ചു.**

**<u>നെൽകൃഷി</u>**

**കുട്ടികളുടെ നേതൃത്വത്തിൽ വിവിധ വർഷങ്ങളിൽ സ്കൂളിനടുത്തുള്ള പാടത്തും പറമ്പിലും നെൽകൃഷി നടത്തി. നല്ല വിളവ് ലഭിച്ചു. അരികൊണ്ട് പാസയം കുട്ടികൾക്ക് നൽകി.**

**<u>ജൈവ പച്ചക്കറി കൃഷി</u>**

**സ്കൂളിനടുത്തുള്ള പറമ്പുകളിൽ കുട്ടികളുടെ നേതൃത്വത്തിൽ ജൈവ<br>പച്ചക്കറികൃഷി നടത്തി. വിളവ് സ്കൂൾ ഉച്ചഭക്ഷണത്തിൽ ഉൾപ്പെടുത്താറുണ്ട്.**

**കർഷകർക്ക് ആദരം**

നാടിന്റെ നട്ടെല്ലായ കർഷകർക്ക് കർഷകദിനങ്ങളിൽ കുട്ടികൾ ആദരവ് നൽകി. അവരുമായി അഭിമുഖം നടത്തി വിവരങ്ങൾ പങ്കുവെച്ചു.

**വായനാമൂല**

ഓരോ ക്ലാസ്സിലും കുട്ടികളുടെ വായന പോഷിപ്പിക്കാനയി വായനാമൂലകൾ ഒരുക്കി. ധാരാളം പുസ്തകങ്ങൾ ഒരുക്കി.

**ശാസ്ത്ര, ഗണിത ശാസ്ത്ര പ്രവൃത്തി പരിചയമേളകൾ**

വർഷം തോറും സ്കൂളിന്റെ മികവാർന്ന സാന്നിധ്യം മേളകളിൽ ഉണ്ടാകാറുണ്ട്. നിരവധി സമ്മാനങ്ങൾ നേടാനും സാധിക്കാറുണ്ട്.

**വിദ്യാരംഗം**

വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വിവിധ മേളകളിൽ സമ്മാനാർഹമായി.

**പുരാവസ്തു മ്യൂസിയം**

സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പുരാവസ്തുക്കളുടെ ശേഖരം ഉൾപ്പെടുത്തി പുരാവസ്തു മ്യൂസിയം ഉണ്ടാക്കി.

**കളിപ്പുര**

കുട്ടികളുടെ തിയേറ്റർ, കുട്ടികളിലെ അഭിനയവാസന പോഷിപ്പിക്കാനായി നടത്തിയ സംരംഭം. വിവിധ ശിൽപ്പശാലകൾ നടത്തി.

**പഴമ തന്നെ പെരുമ - പുരാവസ്തു പ്രദർശനം**

**എൻഡോവ്മെന്റ് & ക്യാഷ് അവാർഡ്**

പഠനത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കാനായി ധാരാളം എൻഡോവ്മെന്റുകളും കേഷ് അവാർഡുകളും വർഷം തോറും നൽകി വരുന്നു.

**ലഹിവിരുദ്ധ പ്രവർത്തനങ്ങൾ**

വരും തലമുറയെ ലഹരിയിൽ നിന്ന് വിമുക്തരാക്കാൻ ബോധവൽക്കരണ ക്ലാസ്, പ്രദർശനം എന്നിവ നടത്തി.

**സഹവാസ ക്യാമ്പ്**

വിവധ വർഷങ്ങളിൽ വ്യത്യസ്ത സഹവാസ ക്യാമ്പുകൾ നടത്തിവരുന്നു. ഇത് കുട്ടികളിലെ വ്യത്യസ്ത അഭിരുചികൾ വളർത്താൻ സഹായിച്ചു.

**ഗാന്ധിപ്രതിമ**

വിദ്യാലയത്തിലെ അധ്യാപകൻ ശശിഭൂഷൺ മാസ്റ്റർ വിദ്യാലയത്തിനു മുന്നിൽ നിർമ്മിച്ച 'ഗാന്ധിപ്രതിമ' സ്കൂളിന് മുതൽക്കൂട്ട് ആയി.

ശശിമാഷുടെ പിതാവും നമ്മുടെ മുൻ പ്രധാനാധ്യാപകുമായിരുന്ന ശ്രീ. എ. രാഘവൻ മാസ്റ്ററുടെ സ്മരണാർത്ഥമാണ് ഇത് നിർമ്മിച്ചത്.

**ഫീൽഡ് ട്രിപ്പ്**

വ്യത്യസ്ത വിഷയങ്ങളുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ നടത്തിവരാറുണ്ട്.

**കൈത്താങ്ങ്**

പാവപ്പെട്ടവരെ സഹായിക്കാനായി കുട്ടികൾ ഓരോ ക്ലാസ്സിലും കുഞ്ചി കൾ വച്ച് പണം സ്വരൂപിച്ചു. അർഹതപ്പെട്ടവർക്ക് കൈമാറി.

**എന്റെ നാട് സുന്ദരനാട്**

**വൃത്തിയുള്ള നാട് എന്ന ആശയം കുട്ടികളിൽ എത്തിക്കാനായി നടത്തിയ ഒരു മത്സരപരിപാടി.**

**മധുരം മലയാളം**

**പത്രവായന ശീലമാക്കാൻ മാതൃഭൂമി ഒരുക്കിയ മധുരം മലയാളം പദ്ധതിയിൽ നമ്മുടെ സ്കൂളിനും പങ്കാളിത്തം നേടാൻ കഴിഞ്ഞുവരുന്നു.**

**നക്ഷത്രവനം**

27 **നക്ഷത്രവുമായി ബന്ധപ്പെട്ട മരങ്ങൾ വച്ചു പിടിപ്പിച്ചു. അതിന് പുരസ്കാരവും നേടാൻ കഴിഞ്ഞു.**

**ഞങ്ങ ളു ണ്ട് കൂടെ**

**പഠനപിന്നോക്കക്കാർക്ക് പിന്തുണ നൽകിക്കൊണ്ട് ഞങ്ങളുണ്ട് കൂടെ പദ്ധതി നിരന്തരമായി നടത്തിവരുന്നു.**

**പഠനകേന്ദ്രം**

**ഓൺലൈൻ പഠനകാലത്ത് വീടുകളിൽ ക്ലാസ് കാണാൻ ബുദ്ധിയുള്ള കുട്ടികൾക്ക് പല കേന്ദ്രങ്ങളിലായി സൗകര്യമൊരുക്കുകുയം അധ്യാപകർ നേതൃത്വം നൽകുകയും ചെയ്തു.**

**യൂട്യൂബ് ചാനൽ**

**വിദ്യാലയത്തിന്റെ വിവിധ പഠനപാഠ്യേതര പ്രവർത്തനങ്ങൾ ഉൾപ്പെടു ത്താനായി ഓൺലൈൻ കാലത്ത് വിദ്യാലയത്തിന്റേതായ ഒരു ചാനൽ സംരംഭം.**

**പാനീയ കളരി**

**ഇംഗ്ലീഷ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പതരം പാനീയങ്ങൾ കുട്ടികൾ ഉണ്ടാക്കുകയും അതിന്റെ റസിപ്പി അവതരിപ്പിക്കുകയും ചെയ്തു.**

തണ്ണീർപ്പന്തൽ

ദാഹം ശമിപ്പിക്കാൻ വിവിധ കേന്ദ്രങ്ങളിൽ കുടി വെള്ളം ഒരുക്കി.

മഴക്യാമ്പ്

മഴയെ കൂടുതൽ അറിയുന്നതിന് വേണ്ടി മഴക്യാമ്പ് നടത്തി. കർക്കിടക കഞ്ഞി, പുഴുക്ക് തുടങ്ങിയ പഴയകാല വിഭവങ്ങൾ പരിചയപ്പെടുത്തി.

ഊർജ്ജോത്സവം

ഊര്ജക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഊർജസംരക്ഷണ പ്രവർത്തനങ്ങൾ കുട്ടികളിൽ എത്തിക്കാനായി ഊർജ്ജോത്സവം നടത്തി. എൽ. ഇ. ഡി ബൽബുകൾ നിർമ്മിച്ചു.

വീഗാലാന്റ് പരിസ്ഥിതി അവാർഡ്

പ്ലാസ്റ്റിക് വിമുക്ത കാമ്പസ് കാര്യക്ഷമമായി വിദ്യാലയത്തിൽ നടപ്പിലാക്കിയതിന്റെ അംഗീകാരമായി ലഭിച്ച അവാർഡ്.

ചക്ക മഹോത്സവം

ചക്കകൊണ്ടുള്ള വിവിധരം വിഭവങ്ങൾ പരിചയപ്പെടുത്തുന്നതിനായി ഒരുക്കിയ ഒരു ഭക്ഷ്യമേള സംഘടിപ്പിച്ചു.

സ്കൂൾ ശുചിത്വപദ്ധതി

സ്കൂളും, ക്ലാസ്സും, പരിസരവും ശുചിയായി സൂക്ഷിക്കുന്നതിനായി കുട്ടി കൾക്ക് ചുമതല നൽകി വരുന്നു.

ഉർവ്വര

സ്കൂളിലെ ഫോക്ലോർ ക്ലബ്ബിന്റെ നേതൃത്വത്തിൽ കാലിക്കറ്റ് സർവ്വകലാ ശാല ഫോക്ലോർ വിഭാഗത്തിന്റെ സഹകരണത്തോടെ കുട്ടികൾ നാടൻ കലാരൂപങ്ങളിൽ ആഭിമുഖ്യം വളർത്തുന്നതിന് വേണ്ടി രൂപികരിച്ച ക്ലബ്ബ്.

ഫോട്ടോ ഗ്യാലറി

എല്ലാ വിഷയങ്ങളിലുമായി ബന്ധപ്പെട്ട പ്രശസ്തരെ ഉൾപ്പെടുത്തി ഫോട്ടോ ഗ്യാലറി.

കോർണർ ലൈബ്രറി

ഓരോ പ്രദേശത്തെയും കുട്ടികളെ ഉൾപ്പെടുത്തി അതാത് കേന്ദ്രത്തിലെ ഒരു വീട്ടിൽ കോർണർ ലൈബ്രറി രൂപീകരിച്ചു. കുട്ടികൾക്ക് അവിടെ നിന്ന് പുസ്തകങ്ങൾ വാങ്ങാനുള്ള സൗകര്യം ഒരുക്കി.

മികവ്

സ്കൂൾ മികവുകളെക്കുറിച്ചുള്ള റിപ്പോർട്ട്, അത് ദേശീയതലം വരെ എത്തി.

പേപ്പർബാഗ്, പേപ്പർ പേന നിർമ്മാണ പരിശീലനം

കുട്ടികൾക്കായി പേപ്പർ ബാഗ്, പേപ്പർ പേന നിർമ്മാണ പരിശീലനം നടത്തി വരുന്നു.

നെല്ലി

മലയാളവുമായി ബന്ധപ്പെട്ട് മലയാളം ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ കുട്ടികൾ തയ്യാറാക്കിയ ഡിജിറ്റൽ ആൽബം.

ഒരേ ഒരു ഗാന്ധി

ഗാന്ധിജിയെക്കുറിച്ചുള്ള ചിത്രങ്ങൾ, സൂക്തങ്ങൾ പ്രദർശനം

പുകയില വിമുക്ത ഭവനം

പുകവലിച്ചു ജീവിതം തുലച്ചിടല്ലെ സോദരാ എന്ന മുദ്രാവാക്യവുമായി വീടുകളിൽ കയറി ബോധവത്കരണം.

LKG/UKG ക്ലാസുകൾ

സ്കൂളിൽ പ്രീപ്രൈമറി വിദ്യാഭ്യാസം തുടങ്ങാനായി എൽ. കെ. ജി., യു. കെ. ജി., ക്ലാസ്സുകൾ മികച്ച രീതിയിൽ തുടങ്ങി.

## വഴിക്കണ്ണ്

റോഡ് സുരക്ഷാബോധവത്കരണം.

## തേഞ്ഞിപ്പലത്തിന്റെ ഇടവഴികളിലൂടെ

പ്രാദേശിക ചരിത്രരചന

## ഹരിതഗ്രാമം

കുട്ടികൾക്ക് പച്ചക്കറി വിത്ത് വിതരണം, പച്ചക്കറിത്തോട്ട നിർമ്മാണം

## പഴമ തന്നെ പെരുമ

പഴയകാല ഉപകരണങ്ങളുടെ പ്രദർശനം

## ബാൻഡ് സംഘം

## സ്കൂളിന് സ്വന്തമായി ബാൻഡ് വാങ്ങി

ബാൻഡ് സംഘം രൂപീകരിച്ചു.

## കരാട്ടെ, ബോക്സിംഗ്

സ്കൂളിൽ കുട്ടികൾക്കായി കരാട്ടെ നടന്നുവരുന്നു. ബോക്സിംഗ് പരിശീലനം

# കൂടാതെ.......

- കൃഷിവീട്
- ജൈവ വൈവിധ്യ ഉദ്യാനം
- വിവിധ സ്കോളർഷിപ്പ് വിജയങ്ങൾ
- സ്കൂൾ മൈതാനം
- ഫുട്ബോൾ പരിശീലന ക്യാമ്പ്
- നല്ലപാഠം - ജില്ലാതല പുരസ്കാരം
- അമ്മക്കൂട്ടം
- വായനയുടെ വസന്തം
- മാലിന്യമുക്ത നാടിനായി
- Reading Cafe
- ജൈവം - പ്രദർശനം
- സുപ്രഭാതം
- 'മാനത്ത് കണ്ണി ചിരിച്ചപ്പോൾ' - ഷോർട്ട് ഫിലിം
- ഹൃദയസ്പർശം - വയനാട് ദുരിതാശ്വാസഫണ്ട് സ്വരൂപണം
- പുരാവസ്തു മ്യൂസിയം - ടാലന്റ് ലാബ് യോഗ പരിശീലനങ്ങൾ ചിത്ര വര, നൃത്തം, പാട്ട്,

# ഈ വർഷത്തെ പ്രധാന അക്കാദമിക മുന്നേറ്റങ്ങൾ

- English Clinic
-
- കളിപ്പാഠം
-
- ഉയരെ മെഗാക്വിസ്
-
- വായനയുടെ വസന്തം
-
- മധുരഗണിതം

# ഇംഗ്ലീഷ് ക്ലിനിക്

- ***ഉപമേഖല - തെളിമ കൈപുസ്തകം***

**ലക്ഷ്യം-എല്ലാ കുട്ടികൾക്കും ഇംഗ്ലീഷിൽ സ്വന്തമായി വാചകങ്ങൾ ഉണ്ടാക്കി എഴുതാനും വായിക്കാനും കഴിവ് നേടൽ.**

**പ്രവർത്തനം-'തെളിമ' കൈപുസ്തകത്തിൽ എന്നും ഇംഗ്ലീഷിൽ ഡയറി എഴുതൽ**

**ഒരു ഡയറി സ്കൂളിൽ പ്രദർശിപ്പിക്കൽ. എഴുതുന്നവർക്ക് സമ്മാനം നൽകൽ, റേഡിയോ സ്റ്റേഷനിൽ അവതരിപ്പിക്കൽ**

**ഓരോ ടേമിലും പരിശോധന - മികച്ചവർക്ക് സമ്മാനം നൽകൽ**

**കാലം-എല്ലാ ദിവസവും**

**ചുമതല-ക്ലാസ്സധ്യാപകർ**

**സാമ്പത്തിക സ്രോതസ്സ്- പി. ടി. എ**

- ***ഉപമേഖല:****One day one word*

**ലക്ഷ്യം-ഇംഗ്ലീഷിൽ കൂടുതൽ പദങ്ങൾ കണ്ടെത്താനും എഴുതാനും അവസരം ഉണ്ടാക്കൽ**

**പ്രവർത്തനം**
**ഓരോ ദിവസവും ഓരോ ഇംഗ്ലീഷ് വാക്ക് വീതം പ്രദർശിപ്പിക്കുന്നു. ഈ വാക്ക് വെച്ച് ഒരു വാചകം തയ്യാറാക്കി എഴുതുന്നു.**

**കാലം-എല്ലാ ദിവസവും**

**ചുമതല**-English Teachers

**സാമ്പത്തിക സ്രോതസ്സ്- പി. ടി. എ**

- ***ഉപമേഖല - English day celebration***

**ലക്ഷ്യം-ഇംഗ്ലീഷിൽ സംസാരിക്കാൻ അവസരം ഉണ്ടാക്കൽ**

**പ്രവർത്തനം-ആഴ്ചയിൽ ഒരു ദിവസം** English day **ആയി പ്രഖ്യാപിക്കൽ**

**അന്ന് പരമാവധി ഇംഗ്ലീഷിൽ മാത്രം സംസാരിക്കണം.**

**കാലം- എല്ലാ ആഴ്ചയിലും**

**ചുമതല**-English Club

**സാമ്പത്തികം**- Nil

- ***ഉപ മേഖല***: *English Fest*

**ലക്ഷ്യം**: **ഇംഗ്ലീഷ് ഭാഷയിൽ നല്ല പരിജ്ഞാനം ഉണ്ടാക്കി എടുക്കൽ.**

**പ്രവർത്തനം**

**വർഷത്തിലൊരിക്കൽ** English Fest

**വിവിധ കലാപരിപാടികൾ ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു.**

**കാലം- വർഷത്തിലൊരിക്കൽ**

**ചുമതല** - English Club

**സാമ്പത്തികം** - PTA Fund

- **ഉപമേഖല** - Alexa

**ലക്ഷ്യം - ഇംഗ്ലീഷ് ഭാഷാപരിജ്ഞാനം വർദ്ധിപ്പിക്കൽ**

**പ്രവർത്തനം**

**ഒരു റോബോർട്ടിനെ സ്ഥാപിക്കുന്നു**

**കുട്ടികൾ ഇംഗ്ലീഷിൽ ചോദ്യം ചോദിക്കുമ്പോൾ ഇംഗ്ലീഷിൽ മറുപടി നൽകുന്നു.**

**കാലം**: **ജനുവരി, ഫിബ്രുവരി**

**ചുമതല**: English club

**സാമ്പത്തികം**: **പി. ടി. എ ഫണ്ട്**

- ***ഉപമേഖല***-*Spoken English:*

**ലക്ഷ്യം**: **ഇംഗ്ലീഷിൽ നന്നായി സംസാരിക്കാൻ കഴിവുനേടൽ**

**പ്രവർത്തനം**: Expert **നെ കൊണ്ടുവന്ന് ഒന്നോ രണ്ടോ ക്ലാസ്സുകൾ നൽകുന്നു.**

**ഇംഗ്ലീഷ്കാരുമായി സംസാരിക്കാൻ അവസരം.**

**കാലം**: **ജനുവരി, ഫിബ്രുവരി**

**സാമ്പത്തികം**: PTA Fund

# കളിപ്പാഠം

- **ഉപമേഖല: അവധിക്കാല ഓൺലൈൻ കൂട്ടായ്മ**

**പ്രവർത്തനം: അവധിക്കാല പ്രവർത്തനങ്ങളുടെ ഡിജിറ്റൽ ഫയൽ തയ്യാറാക്കി വാട്സ് ആപ്പ് വഴി നൽകുന്നു. കുട്ടികൾ അവധിക്കാലത്ത് ഈ പ്രവർത്തനങ്ങൾ ഒരു നോട്ട്ബുക്കിൽ തയ്യാറാക്കി അവധി കഴിഞ്ഞ് വരുമ്പോൾ ഏൽപ്പിക്കുന്നു. മികച്ചവർക്ക് സമ്മാനങ്ങൾ നൽകുന്നു.**

**ലക്ഷ്യം: അവധിക്കാലത്തും സ്കൂൾ അന്തരീക്ഷവും പഠനാന്തരീക്ഷവും നില നിർത്താൻ.**

**കാലം: ഏപ്രിൽ, മെയ്**

**ചുമതല**: SRG

**സാമ്പത്തികം: പി. ടി. എ ഫണ്ട്**

- **ഉപമേഖല: പഠന പിന്നോക്കാവസ്ഥ പരിഹരിക്കൽ**

**പ്രവർത്തനങ്ങൾ**

- Base line test
- **ദത്തെടുക്കൽ**
- **ഇടക്കാല വിലയിരുത്തൽ**
- Special Coaching Class
- **കൗൺസിലിംഗ്** (**മാതൃസമിതി**)
- **പരിഹാര ബോധന പരിപാടികൾ**
- **ശില്പശാലകൾ**

**കാലം: ജൂൺ - ഫെബ്രുവരി**

**ചുമതല**:

SRG

**സാമ്പത്തികം**: PTA

- ***ഉപമേഖല: പ്രതിഭ പോഷണ പരിപാടികൾ***

**ലക്ഷ്യം: പഠനവേഗതയുള്ള കുട്ടികൾക്ക് കൂടുതൽ അവസരങ്ങൾ ഒരുക്കൽ**

**പ്രവർത്തനങ്ങൾ**

**വിവിധ ശിൽപ്പശാലകൾ**

**ഗണിതം, സാഹിത്യം, ശാസ്ത്രം**

**കാലം: ഡിസംബർ ജനുവരി**

**ചുമതല**: SRG

**സാമ്പത്തികം**: PTA Fund

## <u>**ഉയരെ**</u>

**ലക്ഷ്യം** - **എല്ലാ മാസവും** 20 **ചോദ്യങ്ങൾ**, **ഉത്തരങ്ങൾ നൽകൽ**

**ഇതിൽ നിന്ന്** 10 **ചോദ്യങ്ങളും പുറമെ നിന്ന്** 5 **ചോദ്യങ്ങളും ഉൾപ്പെ ടുത്തി ഓരോ മാസവും ക്വിസ്**

**ഫെബ്രുവരിയിൽ ഓരോ മാസത്തിലും വിജയികലായവർക്കായി മെഗാ ക്വിസും സമ്മാനദാനവും**

**ചുമതല** SRG

**കാലം: ജൂൺ** - **ഫിബ്രുവരി**

**സാമ്പത്തികം**: Sponsorship

# <u>വായനയുടെ വസന്തം</u>

*ഉപമേഖല: ലൈബ്രറി ശാക്തീകരണം*

**ലക്ഷ്യം**: **സ്കൂൾ ലൈബ്രറിയിലേക്ക് കൂടുതൽ പുസ്തകങ്ങളും ഷെൽഫുകളും ശേഖരിക്കൽ.**

**ലൈബ്രറി റൂം കൂടുതൽ ആകർഷകമാക്കൽ**

**പ്രവർത്തനങ്ങൾ**

- **പിറന്നാളിന് പുസ്തക സമ്മാനം**
- **പുസ്തക പൂമഴ - പുസ്തക ശേഖരണം**
- **ഡിജിറ്റൽ ലൈബ്രറി**
- **പുസ്തകകൂട് സ്ഥാപിക്കൽ**

**കാലം**: **ജൂൺ - മാർച്ച്**

**ചുമതല**: SRG

**സാമ്പത്തികം**: Sponsorship